2013 മേയ് 31ന് കാർഷികോല്പാദന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ വെച്ച് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പച്ചക്കറികൾ കൂടാതെ പഴവർഗ്ഗങ്ങൾ, ഉണങ്ങിയ പഴവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ, സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ എന്നിവ കൂടി പരിശോധനാ വിധേയമാക്കാൻ തീരുമാനിച്ചു. കൃഷി വകുപ്പിന്റെയും കാർഷിക സർവകലാശാലയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടപ്പാക്കിയ പ്ലാൻ സ്കീമിന്റെ കീഴിലുള്ള "സേഫ് റ്റു ഈറ്റ്" പദ്ധതിയുടെ ഏപ്രിൽ 1 മുതൽ ജൂൺ 30, 2014 വരെ പരിശോധന നടത്തിയതിന്റെ ഏഴാമത്തെയും എട്ടാമത്തെയും റിപ്പോർട്ടുകൾ കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടലിൽ: (www.kerala.gov.in) പ്രസിദ്ധീകരിച്ചതാണ്.

2014 ജനുവരി മുതൽ ഒരോ മാസവും പരിശോധിക്കുന്ന സാമ്പിളുകളുടെ എണ്ണം 200 ആയി വർദ്ധിപ്പിക്കുകയും അതിൽ 100 സാമ്പിളുകൾ ജൈവജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് നിന്നും, ബാക്കി സാമ്പിളുകൾ ഇതര ജില്ലകളിലെ വിവിധ മാർക്കറ്റുകളിൽ നിന്നും ശേഖരിക്കാൻ തീരുമാനിച്ചു. ശേഖരിച്ച സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബറട്ടറി"യിൽ എത്തിച്ചാണ് പരിശോധന നടത്തുന്നത്. പരിശോധനക്കുള്ള എല്ലാ അത്യാധുനിക സൗകര്യങ്ങളും, കീടനാശിനി 100 കോടിയിൽ ഒരു അംശം വരെ അളക്കുന്ന ഗ്യാസ് ക്രൊമറ്റോഗ്രാഫ്, ലിക്വിഡ് ക്രൊമറ്റോഗ്രാഫ്, മാസ്സ് സ്പെക്ട്രോമീറ്റർ എന്നീ ഉപകരണങ്ങളുമുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള സർക്കാർ തലത്തിലെ ഒരേയൊരു അക്രഡിറ്റഡ് ലാബറട്ടറി ആണിത്.

വിവിധ ഇനം പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവ കൂടാതെ വിവിധ ബ്രാൻഡുകളിൽ മാർക്കറ്റിൽ ലഭ്യമായ സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ, ഉണങ്ങിയ പഴവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, പാക്കറ്റിൽ ലഭിക്കുന്ന വിവിധ ഇനം സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ എന്നിവയെ വിഷാംശത്തിന്റെ തോത് അനുസരിച്ച് മൂന്നായി തിരിച്ച് പട്ടികയിൽ കൊടുത്തിരിക്കുന്നു.

തിരുവനന്തപുരം, കോട്ടയം, എറണാകുളം, കാസർഗോഡ് നഗരങ്ങളിലെ പച്ചക്കറി കടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ, എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച 42 ഇനം പച്ചക്കറികളുടെ 141 സാമ്പിളുകളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് മൂന്നായി തരം തിരിച്ച് പട്ടികയിൽ കൊടുത്തിരിക്കുന്നു. നാല് ഇനത്തിൽ പെട്ട ഏഴ് സാമ്പിളുകളിൽ (പുതീന ഇല (3), കറിവേപ്പില (2), പച്ചമുളക് (1), പയർ (1))അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടെത്തി. വെണ്ടക്ക, കാരറ്റ്, ബജിമുളക് എന്നിവയുടെ ഒരോ സാമ്പിളുകളിൽ വിഷാംശം കണ്ടെത്തിയത് നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് താഴെ മാത്രം ആയിരുന്നു. തിരുവനന്തപുരം നഗരത്തിലെ മൂന്ന് ജൈവപച്ചക്കറി മാർക്കറ്റുകളിൽ നിന്ന് ശേഖരിച്ച 14 ഇനം പച്ചക്കറികളിൽ ബജിമുളക് കാരറ്റ് എന്നീ രണ്ടിനങ്ങളുടെ ഒരോ സാമ്പിളുകളിലാണ് അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടെത്തിയത്.

വിവിധ ജില്ലകളിൽ നിന്ന് ശേഖരിച്ച (തിരുവനന്തപുരം, കോട്ടയം, കാസർഗോഡ്) 14 ഇനം പഴവർഗ്ഗങ്ങളുടെ 56 സാമ്പിളുകളിൽ, പേരയ്ക്ക, മാതളം എന്നിവയുടെ ഒരോ സാമ്പിളുകൾ വിഷാംശപരിധി ലംഘിച്ചപ്പോൾ, ആപ്പിളിന്റെ മൂന്ന് വർഗ്ഗത്തിൽപ്പെട്ട ഒരോ സാമ്പിളുകളിൽ വിഷാംശം കണ്ടെത്തിയത് നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് താഴെ മാത്രം ആയിരുന്നു.

തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ നിന്നും ശേഖരിച്ച 6 ഇനം ഉണങ്ങിയ പഴവർഗ്ഗങ്ങളിൽ 12 സാമ്പിളുകളിൽ ഒരു ഇനത്തിൽപ്പെട്ട ഉണക്കമുന്തിരിയിൽ മാത്രമാണ് അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടെത്തിയത്. ശേഷിച്ച ഇനത്തിൽപ്പെട്ട സാമ്പിളുകൾ വിഷവിമുക്തമായാണ് പരിശോധനാഫലങ്ങൾ സൂചിപ്പിക്കുന്നത്.

വിവിധ ജില്ലകളിലെ പൊതുവിപണികളിൽ നിന്നും ശേഖരിച്ച പല ബ്രാൻഡ് പേരിൽ പാക്കറ്റിൽ ലഭിക്കുന്ന 28 ഇനം സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ എന്നിവയുടെ 225 സാമ്പിൾ പരിശോധിച്ചതിൽ 7 ഇനത്തിൽപ്പെട്ട 9 സാമ്പിളുകൾ വിഷാംശപരിധി ലംഘിച്ചതായി കണ്ടു.


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

**FSSAI (www.foodsafety.kerala.gov.in) പരിധി നിശ്ചയിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് യൂറോപ്യൻ യൂണിയൻ നിശ്ചയിച്ച (www.ec.europa.eu/sanco.pesticides) പരിധികളാണ് ഇവ സ്ഥിരമായി ഉപയോഗിച്ചാൽ അപകടസാദ്ധ്യത ഉണ്ടാകുമോ എന്ന് വിലയിരുത്താൻ മാനദണ്ഡമാക്കിയത്.**

**ഏലയ്ക്ക, ജീരകപ്പൊടി, ജീരകം, പെരുംജീരകം, കാശ്മീരി മുളകുപൊടി, സാധാരണ മുളകുപൊടി, കറിമസാല എന്നിവയുടെ സാമ്പിളുകളിൽ അപകട സാദ്ധ്യതയുള്ള അളവിൽ വിഷാംശം കണ്ടെത്തി. ഏലയ്ക്കയുടെയും ജീരകത്തിന്റെയും സാമ്പിളുകൾ പരിശോധിച്ചതിൽ ക്ളോർപൈറിഫോസ്, സൈപെർമെത്രിൻ, എത്തയോൺ, ലാംബ്ഡാ സൈഹാലോത്രിൻ, ക്യുനാൽഫോസ്, പ്രൊഫെനോഫോസ് എന്നീ കീടനാശിനികളും, കാശ്മീരി മുളകുപൊടി, കറിമസാല, സാധാരണ മുളകുപൊടി, ചതച്ച മുളക് എന്നിവയുടെ ബ്രാൻഡുകളിൽ എത്തയോൺ, ബൈഫെൻത്രിൻ, ക്ളോർപൈറിഫോസ്, സൈപെർമെത്രിൻ എന്നീ കീടനാശിനികളുമാണ് കണ്ടെത്തിയത്.**

**അച്ചാർപ്പൊടി, ചതച്ച മുളക്ക്, വറ്റൽ മുളക്ക് മുതലയവയുടെ സാമ്പിളുകളിലും വിഷാംശം കണ്ടെത്തിയെങ്കിലും അവയുടെ അളവ് എഫ്.എസ്.എസ്.എ.ഐയോ, കോഡക്സോ, യൂറോപ്യൻ യൂണിയനോ നിശ്ചയിച്ച പരിധികൾക്ക് താഴെ മാത്രമായിരുന്നു. ശേഷിച്ച 18 ഇനത്തിൽപ്പെട്ട സംസ്കരിച്ച ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ പൂർണ്ണമായും വിഷരഹിതമായി കാണപ്പെട്ടു.**

**പൊതുവിപണിയിൽ നിന്നും ശേഖരിച്ച സംസ്കരിച്ച ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാം തന്നെ വിഷവിമുക്തമായാണ് പരിശോധനാഫലങ്ങൾ സൂചിപ്പിക്കുന്നത്.**

**കൂടുതൽ വിവരങ്ങൾക്ക്:**

ഡോ. തോമസ് ബിജു മാത്യു (പ്രൊഫസ്സർ),
പെസ്റ്റിസൈഡ് റെസിഡ്യു ലാബ്,
(കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബററ്ററി),
കാർഷിക കോളേജ്, വെള്ളായണി പി.ഒ; തിരുവനന്തപുരം 695 522
ഫോൺ നമ്പർ: 0471 -2388167
ഇ-മെയിൽ: biju.mathew@kau.in
biju2358@yahoo.co.in


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

## പൊതുവിപണിയിൽ നിന്നും ശേഖരിച്ച സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ, സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ എന്നിവയെ വിഷാംശത്തിന്റെ തോത് അനുസരിച്ച് മൂന്നായി തിരിച്ച പട്ടിക.

2014 ജൂലൈ 1 മുതൽ സെപ്റ്റംബർ 31 വരെ തിരുവനന്തപുരം, കോട്ടയം, കാസർഗോഡ്, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട എന്നിവിടങ്ങളിലെ സൂപ്പർ/ഹൈപ്പർ മാർക്കറ്റുകളിൽ നിന്ന് ശേഖരിച്ച **28** ഇനം സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ, സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ **225** സാമ്പിളുകൾ വെള്ളായണിയിലെ ലാബറട്ടറിയിൽ പരിശോധിച്ചതിന്റെ റിപ്പോർട്ട്

| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം പരിശോധനയിൽ കാണാത്തത് | | | |
|---|---|---|---|
| അയമോദകം – 1 | മല്ലിപ്പൊടി – 23 | കുരുമുളക് – 5 | തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്) |
| പാവയ്ക്കാകൊണ്ടാട്ടം – 1 | തൈര് മുളക് – 4 | ഗരംമസാല – 7 | 18 ഇനത്തിൽപ്പെട്ട |
| കുരുമുളകുപൊടി – 2 | ദാഹമുക്തി – 1 | ഗ്രീൻ റ്റീ – 1 | 85 സാമ്പിളുകൾ |
| ഉലുവ – 6 | പെരുംജീരകപ്പൊടി – 6 | രസംപൊടി – 6 | |
| ഉലുവപ്പൊടി – 1 | തക്കാളിസാധം മസാല – 1 | പുളിസാധം മസാല – 1 | |
| ബിരിയാണി മസാല – 2 | ചായപ്പൊടി – 5 | സാമ്പാർപൊടി – 10 | |

| FSSAI/EU നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് താഴെ വിഷാംശം കണ്ടെത്തിയത് | |
|---|---|
| ചതച്ച മുളക് - 1/5 | വിഷാംശം കുറവ് ഉള്ളത് |
| വറ്റൽമുളക് – 1/2 | 3 ഇനത്തിൽപ്പെട്ട |
| അച്ചാർപ്പൊടി - 2/4 | 4 സാമ്പിളുകൾ |
| നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് താഴെ വിഷാംശം കണ്ടെത്തിയത്=>4 | പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം=> 11 |

| FSSAI/EU നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയത് | | | | |
|---|---|---|---|---|
| സാമ്പിളിന്റെ ഇനം | സാമ്പിളിന്റെ എണ്ണം | ശതമാനം | പരിധിയിൽ താഴെ വിഷാംശം കണ്ടെിയതിന്റെ എണ്ണം | |
| ജീരകപ്പൊടി | 2/3 | 67% | | |
| ഏലയ്ക്ക | 2/8 | 25% | | |
| ജീരകം | 1/11 | 9% | | അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടത് |
| പെരുംജീരകം | 1/11 | 9% | 3* | |
| കാശ് മീരി മുളകുപൊടി | 1/13 | 8% | 2* | 7 ഇനത്തിൽപ്പെട്ട |
| മുളകുപൊടി | 1/25 | 4% | | 9 സാമ്പിളുകൾ |
| കറിമസാല | 1/58 | 2% | 2* | |
| നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയത് =>9 | | | പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം=>129 | |

2014 ജൂലൈ 1 മുതൽ സെപ്റ്റംബർ 31 വരെ ശേഖരിച്ച 28 വിവിധ ഇനം മസാലസാമ്പിളുകളിൽ, 18 ഇനങ്ങളുടെ 85 സാമ്പിളുകൾ വിഷരഹിതമായിരുന്നു (സേഫ് റ്റു ഈറ്റ്). അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടത് 7 ഇനങ്ങളുടെ 9 സാമ്പിളിലും, നിഷ്കർഷിച്ചിരിക്കുന്ന പരിധിയിൽ താഴെ കണ്ടത് 3 ഇനങ്ങളുടെ 4 സാമ്പിളിലും ആയിരുന്നു.



Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

### 2014 ജൂലൈ 1 മുതൽ സെപ്റ്റംബർ 31 വരെ ശേഖരിച്ച 28 ഇനം "സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ, സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ" എന്നിവയുടെ 10 സാമ്പിളിൽ (7+3) കണ്ടെത്തിയ കീടനാശിനികളുടെ അളവും എഫ.്എസ.്എസ്.എ. ഐ./ കോഡക്സ് / ഇ.യു. നിഷ്കർഷിച്ചിരിക്കുന്ന പരിധികളും

| # | സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ , സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ ഇനങ്ങളും സാമ്പിളുകളുടെ എണ്ണവും | | കീടനാശിനിയുടെ പേര് | കീടനാശിനിയുടെ അളവ് | നിഷ്കർഷിച്ചിരിക്കുന്ന പരിധി | | |
|---|---|---|---|---|---|---|---|
| | | | | | എഫ്.എസ്.എസ്. എ.ഐ. | കോഡക്സ് | ഇ.യു |
| 1. | ജീരകപ്പൊടി  | 2/3 | സൈപെർമെത്രിൻ | 0.31 ppm | ഇല്ല | 0.1 ppm | 0.1 ppm |
| | | | എത്തയോൺ | 0.15 ppm | ഇല്ല | 5 ppm | 5 ppm |
| | | | പ്രൊഫെനോഫോസ് | 0.64 – 2.41 ppm | ഇല്ല | ഇല്ല | 0.05 ppm |
| 2. | ഏലയ്ക്ക  | 2/8 | ബൈഫെൻത്രിൻ | 0.06 ppm | ഇല്ല | ഇല്ല | 0.1 ppm |
| | | | സൈപെർമെത്രിൻ | 0.47 – 1.09 ppm | ഇല്ല | 0.1 ppm | 0.1 ppm |
| | | | എത്തയോൺ | 0.27 ppm | ഇല്ല | 5 ppm | 5 ppm |
| | | | ലാംബ്ഡാ സൈഹാലോത്രിൻ | 0.13 – 0.16 ppm | ഇല്ല | ഇല്ല | 0.05 ppm |
| | | | ക്യൂനാൽഫോസ് | 1.16 – 3.28 ppm | 0.01 ppm | ഇല്ല | 0.1 ppm |
| 3. | ജീരകം  | 1/11 | ക്ളോർപൈറിഫോസ് | 0.08 ppm | ഇല്ല | 1 ppm | 5 ppm |
| | | | സൈപെർമെത്രിൻ | 0.43 ppm | ഇല്ല | 0.1 ppm | 0.1 ppm |
| | | | എത്തയോൺ | 0.65 ppm | ഇല്ല | 3 ppm | 5 ppm |
| | | | പ്രൊഫെനോഫോസ് | 1.6 ppm | ഇല്ല | ഇല്ല | 0.05 ppm |
| 4. | പെരുംജീരകം  | 1/11 | ക്ളോർപൈറിഫോസ് | 0.03 – 0.08 ppm | ഇല്ല | 1 ppm | 5 ppm |
| | | | മിഥൈയിൽ പാരതയോൺ | 0.14 ppm | ഇല്ല | 5 ppm | 5 ppm |
| | | | ക്യൂനാൽഫോസ് | 25.9 ppm | ഇല്ല | ഇല്ല | 0.05 ppm |
| 5. | കാശ് മീർ മുളകുപൊടി  | 1/13 | ബൈഫെൻത്രിൻ | 0.24 ppm | ഇല്ല | ഇല്ല | 0.1 ppm |
| | | | എത്തയോൺ | 0.15 – 0.59 ppm | ഇല്ല | 5 ppm | 5 ppm |
| 6. | മുളകുപൊടി  | 1/25 | എത്തയോൺ | 2.08 ppm | ഇല്ല | 5 ppm | 5 ppm |
| | | | സൈപെർമെത്രിൻ | 0.58 ppm | ഇല്ല | 0.1 ppm | 0.1 ppm |
| 7. | കറിമസാല  | 1/58 | സൈപെർമെത്രിൻ | 0.56 ppm | ഇല്ല | 0.1 ppm | 0.1 ppm |
| | | | എത്തയോൺ | 0.15 – 0.43 ppm | ഇല്ല | 5 ppm | 5 ppm |


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

Plan scheme:

"Production and Marketing of Safe to Eat (Pesticide free) vegetables, fruits and food products for sale through government outlets"

| # | സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ , സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ ഇനങ്ങളും സാമ്പിളുകളുടെ എണ്ണവും | | കീടനാശിനിയുടെ പേര് | കീടനാശിനിയുടെ അളവ് | നിഷ്കർഷിച്ചിരിക്കുന്ന പരിധി | | |
|---|---|---|---|---|---|---|---|
| | | | | | എഫ്.എസ്.എസ്.എ.ഐ. | കോഡക്സ് | ഇ.യു |
| 8. | ചതച്ച മുളക്  | 1/5 | ക്ളോർപൈറിഫോസ് | 0.08 ppm | ഇല്ല | 1 ppm | 1 ppm |
| | | | എത്തയോൺ | 0.2 ppm | ഇല്ല | 5 ppm | 5 ppm |
| 9. | വറ്റൽമുളക്  | 1/2 | എത്തയോൺ | 0.22 ppm | ഇല്ല | 5 ppm | 5 ppm |
| 10. | അച്ചാർപ്പൊടി  | 2/4 | ക്ളോർപൈറിഫോസ് | 0.12 ppm | ഇല്ല | 1 ppm | 1 ppm |
| | | | എത്തയോൺ | 0.2 ppm | ഇല്ല | 5 ppm | 5 ppm |



Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

# പൊതുവിപണിയിൽ നിന്നും ശേഖരിച്ച ഉണങ്ങിയ പഴവർഗ്ഗങ്ങളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് മൂന്നായി തിരിച്ച പട്ടിക.

2014 ജൂലൈ 1 മുതൽ സെപ്റ്റംബർ 31 വരെ തിരുവനന്തപുരം കാസർഗോഡ് എന്നിവിടങ്ങളിലെ സൂപ്പർ/ഹൈപ്പർ മാർക്കറ്റുകളിൽ നിന്ന് ശേഖരിച്ച **6** ഇനം ഉണങ്ങിയ പഴവർഗ്ഗങ്ങളുടെ **12** സാമ്പിളുകൾ വെള്ളായണിയിലെ ലാബറട്ടറിയിൽ പരിശോധിച്ചതിന്റെ റിപ്പോർട്ട്

| | യാതൊരു കീടനാശിനിയുടെയും അവശിഷ്ടം പരിശോധനയിൽ കാണാത്തത് |
|---|---|
| **ഉണക്കമുന്തിരി (കറുപ്പ്) - 1** | **തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)**<br>5 ഇനത്തിൽപ്പെട്ട<br>11 സാമ്പിളുകൾ |
| **സാധാരണ ഉണക്കമുന്തിരി - 1** | |
| **ഈന്തപ്പഴം - 6** | |
| **ആപ്രിക്കോട്ട് - 1** | |
| **അത്തിപ്പഴം - 2** | |
| **തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്) => 11** | **പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം => 11** |

| | | | FSSAI/EU നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയത് |
|---|---|---|---|
| | | | **അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടത്**<br>1 ഇനത്തിൽപ്പെട്ട<br>1 സാമ്പിളുകൾ |
| **ഉണക്കമുന്തിരി ( മഞ്ഞ)** | **1/1** | **100%** | |
| | | | |
| | | | |
| **നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയത് => 1** | | | **പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം=> 1** |

| | |
|---|---|
| | 2014 ജൂലൈ 1 മുതൽ സെപ്റ്റംബർ 31 വരെ ശേഖരിച്ച 6 വിവിധ ഇനം ഉണങ്ങിയ പഴവർഗ്ഗങ്ങളുടെ സാമ്പിളുകളിൽ, 5 ഇനങ്ങളുടെ 11 സാമ്പിൾ വിഷരഹിതമായിരുന്നു (സേഫ് റ്റു ഈറ്റ്). അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടത് 1 ഇനത്തിൽപ്പെട്ട 1 സാമ്പിളിൽ ആയിരുന്നു. നിഷ്കർഷിച്ചിരിക്കുന്ന പരിധിയിൽ താഴെ ഒന്നിലും കണ്ടെത്തിയില്ല. |


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

## 2014 ജൂലൈ 1 മുതൽ സെപ്റ്റംബർ 31 വരെ ശേഖരിച്ച 1 ഇനം “ഉണങ്ങിയ പഴവർഗ്ഗങ്ങളുടെ” 1 സാമ്പിളിൽ കണ്ടെത്തിയ കീടനാശിനികളുടെ അളവും എഫ്.എസ .എസ്.എ. ഐ./ കോഡക്സ് / ഇ.യു. നിഷ്കർഷിച്ചിരിക്കുന്ന പരിധികളും

| # | ഉണങ്ങിയ പഴവർഗ്ഗങ്ങളുടെ ഇനങ്ങളും സാമ്പിളുകളുടെ എണ്ണവും | | കീടനാശിനിയുടെ പേര് | കീടനാശിനിയുടെ അളവ് | നിഷ്കർഷിച്ചിരിക്കുന്ന പരിധി | | |
|---|---|---|---|---|---|---|---|
| | | | | | എഫ്.എസ്.എസ്. എ.ഐ. | കോഡക്സ് | ഇ.യു |
| 1. | ഉണക്കമുന്തിരി (മഞ്ഞ)  | 1/1 | ക്ളോർപൈറിഫോസ് | 0.15 ppm | ഇല്ല | ഇല്ല | 0.05 ppm |


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

## പൊതുവിപണിയിൽ നിന്നും ശേഖരിച്ച സംസ്കരിച്ച ഭക്ഷ്യവസ്തുക്കളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് മൂന്നായി തിരിച്ച പട്ടിക.

2014 ജൂലൈ 1 മുതൽ സെപ്റ്റംബർ 31 വരെ കാസർഗോഡ് ജില്ലയിലെ സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ ചന്തകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച **5** ഇനത്തിൽപ്പെട്ട **7** ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ വെള്ളായണിയിലെ ലാബറട്ടറിയിൽ പരിശോധിച്ചതിന്റെ റിപ്പോർട്ട്

| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം പരിശോധനയിൽ കാണാത്തത് | |
|---|---|
| **അപ്പപ്പൊടി – 1** | **തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)**<br>5 ഇനത്തിൽപ്പെട്ട<br>7 സാമ്പിളുകൾ |
| **ഓട്സ് – 3** | |
| **ചോളം പുട്ടുപ്പൊടി – 1** | |
| **റവ – 1** | |
| **പത്തിരിപ്പൊടി – 1** | |
| **തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്) => 7** | **പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം => 7** |

| | |
|---|---|
| | 2014 ജൂലൈ 1 മുതൽ സെപ്റ്റംബർ 31 വരെ ശേഖരിച്ച 5 വിവിധ ഇനം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകളിൽ, 5 ഇനങ്ങളുടെയും 7 സാമ്പിൾ വിഷരഹിതമായിരുന്നു (സേഫ് റ്റു ഈറ്റ്). അപകട സാധ്യതയുള്ള അളവിലോ നിഷ്കർഷിച്ചിരിക്കുന്ന പരിധിയിൽ താഴെയോ ഒരു സാമ്പിൾ പോലും കണ്ടെത്തിയില്ല. |


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

## പൊതുവിപണിയിൽ നിന്നും ശേഖരിച്ച പഴവർഗ്ഗങ്ങളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് മൂന്നായി തിരിച്ച പട്ടിക.

2014 ജൂലൈ 1 മുതൽ സെപ്റ്റംബർ 31 വരെ തിരുവനന്തപുരത്തെ സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ, കോട്ടയം, കാസർഗോഡ് പച്ചക്കറി ചന്തകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച **27** വർഗ്ഗത്തിൽപ്പെട്ട **14** ഇനം പഴവർഗ്ഗങ്ങളുടെ **56** സാമ്പിളുകൾ വെള്ളായണിയിലെ ലാബറട്ടറിയിൽ പരിശോധിച്ചതിന്റെ റിപ്പോർട്ട്

| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം പരിശോധനയിൽ കാണാത്തത് | | |
|---|---|---|
| ആപ്പിൾ ഫുജി – 2 | സാധാരണ മുന്തിരി – 2 | |
| ആപ്പിൾ റോയൽ ഗാല – 1 | മുന്തിരി റെഡ് ഗ്ലോബ് – 1 | |
| ആപ്പിൾ സിംല – 2 | സബർജെല്ലി – 3 | തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്) |
| അവക്കാഡോ – 1 | കിവി – 1 | 22 ഇനത്തിൽപ്പെട്ട |
| ചിക്കു (സപ്പോട്ട) – 3 | മാമ്പഴം – 2 | 37 സാമ്പിളുകൾ |
| കറുത്ത മുന്തിരി – 1 | മുസാംമ്പി – 2 | |
| കറുത്ത മുന്തിരി (കുരുഇല്ലാത്തത്) – 1 | സാധാരണ ഓറഞ്ച് – 2 | |
| പച്ച മുന്തിരി – 2 | ഓറഞ്ച് കിനൗ – 2 | |
| പച്ച മുന്തിരി (കുരുഇല്ലാത്തത്) – 3 | വലിയ ഓറഞ്ച് – 2 | |
| കൈതച്ചക്ക - 1 | തണ്ണിമത്തൻ (കിരൺ) (കടും പച്ച) - 1 | |
| പ്ലം- 1 | തണ്ണിമത്തൻ (ഇളം പച്ച) - 1 | |
| തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്) => 37 | പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം => 37 | |

| FSSAI/EU നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് താഴെ വിഷാംശം കണ്ടെത്തിയത് | | |
|---|---|---|
| ആപ്പിൾ ഗ്രീൻ ഗ്രാനി – 1/2 | | വിഷാംശം കുറവ് ഉള്ളത് |
| ആപ്പിൾ വാഷിങ്ങ്ടൺ – 1/4 | | 3 ഇനത്തിൽപ്പെട്ട |
| ആപ്പിൾ ചിലി – 1/1 | | 3 സാമ്പിളുകൾ |
| നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് താഴെ വിഷാംശം കണ്ടെത്തിയത്=>3 | പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം=> 7 | |

**FSSAI/EU നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയത്**

| സാമ്പിളിന്റെ ഇനം | സാമ്പിളിന്റെ എണ്ണം | ശതമാനം | പരിധിയിൽ താഴെ വിഷാംശം കണ്ടെിയതിന്റെ എണ്ണം | അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടത് |
|---|---|---|---|---|
| പേരയ്ക്ക | 1/6 | 17% | | |
| മാതളം | 1/6 | 17% | | |
| നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയത് =>2 | | | പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം=>12 | |

2014 ജൂലൈ 1 മുതൽ സെപ്റ്റംബർ 31 വരെ ശേഖരിച്ച 27 വിവിധ ഇനം പഴവർഗ്ഗങ്ങളുടെ സാമ്പിളുകളിൽ, 22 ഇനങ്ങളുടെ 37 സാമ്പിളുകളും തീർത്തും വിഷരഹിതമായിരുന്നു (സേഫ് റ്റു ഈറ്റ്). അപകട സാധ്യതയുള്ള അളവിൽ വിഷാംശം 2 ഇനങ്ങളുടെ 2 സാമ്പിളുകളും, നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് താഴെ വിഷാംശം കണ്ടെത്തിയത് 3 ഇനങ്ങളുടെ 3 സാമ്പിളുകളിലും ആയിരുന്നു.



Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University

in association with Dept. Of Agriculture, Horticorp, VFPCK and K-SHM

## 2014 ജൂലൈ 1 മുതൽ സെപ്റ്റംബർ 31 വരെ ശേഖരിച്ച 3 ഇനം "പഴവർഗ്ഗങ്ങളുടെ" 5 സാമ്പിളിൽ കണ്ടെത്തിയ കീടനാശിനികളുടെ അളവും എഫ്.എസ്.എസ്.എ. ഐ./ കോഡക്സ് / ഇ.യു. നിഷ്കർഷിച്ചിരിക്കുന്ന പരിധികളും

| # | പഴവർഗ്ഗങ്ങളുടെ ഇനങ്ങളും സാമ്പിളുകളുടെ എണ്ണവും | | കീടനാശിനിയുടെ പേര് | കീടനാശിനിയുടെ അളവ് | നിഷ്കർഷിച്ചിരിക്കുന്ന പരിധി | | |
|---|---|---|---|---|---|---|---|
| | | | | | എഫ്.എസ്.എസ്. എ.ഐ. | കോഡക്സ് | ഇ.യു |
| 1. | പേരയ്ക്ക  | 1/6 | ഡൈമെത്തോയേറ്റ് | 0.07 ppm | ഇല്ല | ഇല്ല | 0.02 ppm |
| 2. | മാതളം  | 1/6 | ക്ളോർപൈറിഫോസ് | 0.09 ppm | ഇല്ല | ഇല്ല | 0.05 ppm |
| 3. | ആപ്പിൾ വാഷിങ്ടൺ  | 1/4 | സൈപെർമെത്രിൻ | 0.08 ppm | ഇല്ല | ഇല്ല | 0.5 ppm |
| 4. | ആപ്പിൾ ഗ്രീൻ ഗ്രാനി  | 1/2 | ക്ളോർപൈറിഫോസ് | 0.15 ppm | 0.5 ppm | ഇല്ല | 0.5 ppm |
| 5. | ആപ്പിൾ ചിലി  | 1/1 | ക്ളോർപൈറിഫോസ് | 0.06 ppm | ഇല്ല | ഇല്ല | 0.5 ppm |


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

## പൊതുവിപണിയിൽ നിന്നും ശേഖരിച്ച പച്ചക്കറികളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് മൂന്നായി തിരിച്ച പട്ടിക.

**2014 ജൂലൈ 1 മുതൽ സെപ്റ്റംബർ 31 വരെ തിരുവനന്തപുരം നഗരത്തിലെ പച്ചക്കറി കടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ, കോട്ടയം, കാസർഗോഡ്, എറണാകുളം പച്ചക്കറി ചന്തകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച 42 ഇനം പച്ചക്കറികളുടെ 141 സാമ്പിളുകൾ വെള്ളായണിയിലെ ലാബറട്ടറിയിൽ പരിശോധിച്ചതിന്റെ റിപ്പോർട്ട്**

### യാതൊരു കീടനാശിനിയുടെയും അവശിഷ്ടം പരിശോധനയിൽ കാണാത്തത്

| | | |
|---|---|---|
| ചുവപ്പ് ചീര – 2 | വെളുത്തുള്ളി – 3 | മത്തൻ – 3 |
| കുമ്പളം – 1 | ഇഞ്ചി – 3 | റാഡിഷ് (വെള്ള) – 3 |
| ബീൻസ് – 3 | നെല്ലിക്ക – 2 | പീച്ചങ്ങ – 3 |
| ബീറ്റ് റൂട്ട് – 3 | കോവക്ക – 5 | സലാഡ് വെള്ളരി –7 |
| പാവക്ക – 5 | പച്ചമാങ്ങ – 2 | തക്കാളി – 7 |
| വഴുതന – 1 | വെള്ളരി – 4 | പടവലം – 5 |
| കത്തിരി – 4 | ഏത്തക്ക – 1 | ചൊരക്ക – 3 |
| കാബേജ് (വെള്ള) – 2 | സവാള – 3 | മധുരക്കിഴങ്ങ് – 2 |
| കാപ്സിക്കം (പച്ച) – 5 | ചുവന്നുള്ളി – 1 | മരച്ചീനി – 1 |
| കാപ്സിക്കം (ചുവപ്പ്) – 1 | ഉരുളക്കിഴങ്ങ് – 3 | മല്ലിയില – 5 |
| കോളി ഫ്ളവർ – 4 | ചേമ്പ് – 1 | ചേന – 2 |
| സാമ്പാർ മുളക് – 4 | മുരിങ്ങക്ക – 3 | |

**തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)**
35 ഇനത്തിൽപ്പെട്ട
107 സാമ്പിളുകൾ

**നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് താഴെ വിഷാംശം കണ്ടെിയത് =>107** | **പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം=> 107**

### FSSAI/EU നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് താഴെ വിഷാംശം കണ്ടെത്തിയത്

| |
|---|
| ബജി മുളക് - 1/1 |
| വെണ്ടക്ക - 1/6 |
| കാരറ്റ് - 1/4 |

**വിഷാംശം കുറവ് ഉള്ളത്**
3 ഇനത്തിൽപ്പെട്ട
3 സാമ്പിളുകൾ

**നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് താഴെ വിഷാംശം കണ്ടെിയത് =>3** | **പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം=> 11**

### FSSAI/EU നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയത്

| സാമ്പിളിന്റെ ഇനം | സാമ്പിളിന്റെ എണ്ണം | ശതമാനം | പരിധിയിൽ താഴെ വിഷാംശം കണ്ടെിയതിന്റെ എണ്ണം |
|---|---|---|---|
| പുതീന ഇല | 3/6 | 50% | |
| കറിവേപ്പില | 2/6 | 33% | |
| പച്ചമുളക് | 1/5 | 20% | |
| പയർ | 1/6 | 17% | |

**അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടത്**

**നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയത് =>7** | **പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം=>23**

2014 ജൂലൈ 1 മുതൽ സെപ്റ്റംബർ 31 വരെ ശേഖരിച്ച 42 വിവിധ ഇനം പച്ചക്കറി സാമ്പിളുകളിൽ, 35 ഇനങ്ങളുടെ 107 സാമ്പിളുകൾ വിഷരഹിതമായിരുന്നു (സേഫ് റ്റു ഈറ്റ്). അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടെത്തിയത് 4 ഇനങ്ങളുടെ 7 സാമ്പിളുകളിലും, നിഷ്കർഷിച്ചിരിക്കുന്ന പരിധിയിൽ താഴെ 3 ഇനങ്ങളുടെ 3 സാമ്പിളുകളിലും ആയിരുന്നു.


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

## 2014 ജൂലൈ 1 മുതൽ സെപ്റ്റംബർ 31 വരെ ശേഖരിച്ച 7 ഇനം പച്ചക്കറികളുടെ 10 സാമ്പിളിൽ കണ്ടെത്തിയ കീടനാശിനികളുടെ അളവും എഫ്.എസ .എസ്.എ. ഐ./ കോഡക്സ് / ഇ.യു. നിഷ്കർഷിച്ചിരിക്കുന്ന പരിധികളും

| # | പച്ചക്കറികളുടെ ഇനങ്ങളും സാമ്പിളുകളുടെ എണ്ണവും | | കീടനാശിനിയുടെ പേര് | കീടനാശിനിയുടെ അളവ് | നിഷ്കർഷിച്ചിരിക്കുന്ന പരിധി | | |
|---|---|---|---|---|---|---|---|
| | | | | | എഫ്.എസ്.എസ്.എ.ഐ. | കോഡക്സ് | ഇ.യു |
| 1. | പുതീന ഇല  | 3/6 | ക്ളോർപൈറിഫോസ് | 0.28 - 0.34 ppm | 0.2 ppm | ഇല്ല | 0.05 ppm |
| | | | സൈപെർമെത്രിൻ | 0.21 - 0.38 ppm | ഇല്ല | ഇല്ല | 2 ppm |
| | | | പ്രൊഫെനോഫോസ് | 0.07 - 0.25 ppm | ഇല്ല | ഇല്ല | 0.05 ppm |
| 2. | കറിവേപ്പില  | 1/6 | പ്രൊഫെനോഫോസ് | 0.4 - 2.8 ppm | ഇല്ല | ഇല്ല | 0.05 ppm |
| 3. | പച്ചമുളക്  | 1/5 | എത്തയോൺ | 0.07 ppm | 1 ppm | ഇല്ല | 0.01 ppm |
| | | | പ്രൊഫെനോഫോസ് | 0.12 ppm | ഇല്ല | ഇല്ല | 0.01 ppm |
| 4. | പയർ  | 1/6 | ക്ളോർപൈറിഫോസ് | 0.73 ppm | 0.2 ppm | ഇല്ല | 0.05 ppm |
| | | | സൈപെർമെത്രിൻ | 0.16 ppm | ഇല്ല | ഇല്ല | 0.7 ppm |
| 5. | ബജി മുളക്  | 1/1 | ക്ളോർപൈറിഫോസ് | 0.07 ppm | 0.2 ppm | ഇല്ല | 0.05 ppm |
| 6. | വെണ്ടക്ക  | 1/6 | ബൈഫെൻത്രിൻ | 0.08 ppm | ഇല്ല | ഇല്ല | 0.2 ppm |
| 7. | കാരറ്റ്  | 1/4 | ക്ളോർപൈറിഫോസ് | 0.08 ppm | 0.2 ppm | ഇല്ല | 0.1 ppm |


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

## "ജൈവപച്ചക്കറി"കളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് മൂന്നായി തിരിച്ച പട്ടിക.

2014 ജൂലൈ 1 മുതൽ സെപ്റ്റംബർ 31 വരെ തിരുവനന്തപുരം എറണാകുളം നഗരത്തിലെ 3 ജൈവപച്ചക്കറി മാർക്കറ്റുകളിൽ നിന്ന് ശേഖരിച്ച 14 ഇനം പച്ചക്കറികളുടെ 22 സാമ്പിളുകൾ വെള്ളായണിയിലെ ലാബറട്ടറിയിൽ പരിശോധിച്ചതിന്റെ റിപ്പോർട്ട്

### യാതൊരു കീടനാശിനിയുടെയും അവശിഷ്ടം പരിശോധനയിൽ കാണാത്തത്

| | | |
|---|---|---|
| വെണ്ടക്ക – 1 | കോവക്ക – 2 | തക്കാളി – 1 |
| കാപ്സിക്കം (ചുവപ്പ്) – 2 | വെള്ളരി – 2 | |
| കാപ്സിക്കം (മഞ്ഞ) – 2 | സലാഡ് വെള്ളരി – 2 | |
| മല്ലിയില – 1 | പടവലം – 1 | |
| പച്ചമുളക് – 3 | പയർ – 1 | |

തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)
20 ഇനത്തിൽപ്പെട്ട
59 സാമ്പിളുകൾ

തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്) => 18 | പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം => 18

### FSSAI/EU നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് താഴെ വിഷാംശം കണ്ടെത്തിയത്

കാപ്സിക്കം (പച്ച) – 1/2

വിഷാംശം കുറവ് ഉള്ളത്
1 ഇനത്തിൽപ്പെട്ട 1 സാമ്പിളുകൾ

നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് താഴെ വിഷാംശം കണ്ടെത്തിയത് =>1 | പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം=> 2

### FSSAI/EU നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയത്

| | | |
|---|---|---|
| ബജി മുളക് | 1/1 | 100% |
| കാരറ്റ് | 1/1 | 100% |

അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടത്
2 ഇനത്തിൽപ്പെട്ട
2 സാമ്പിളുകൾ

| നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയത് | പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം |
|---|---|
| 2 | 2 |

2014 ജൂലൈ 1 മുതൽ സെപ്റ്റംബർ 31 വരെ ശേഖരിച്ച 14 വിവിധ ഇനം പച്ചക്കറി സാമ്പിളുകളിൽ, 11 ഇനങ്ങളുടെ 18 സാമ്പിൾ വിഷരഹിതമായിരുന്നു (സേഫ് റ്റു ഈറ്റ്). അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടത് 2 ഇനങ്ങളുടെ 2 സാമ്പിളുകളിലും, നിഷ്കർഷിച്ചിരിക്കുന്ന പരിധിയിൽ താഴെ 1 ഇനത്തിൽപ്പെട്ട 1 സാമ്പിളും ആയിരുന്നു.


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

## 2014 ജൂലൈ 1 മുതൽ സെപ്റ്റംബർ 31 വരെ ശേഖരിച്ച 3 ഇനം"ജൈവപച്ചക്കറി"കളുടെ 3 സാമ്പിളിൽ കണ്ടെത്തിയ കീടനാശിനികളുടെ അളവും എഫ്.എസ്.എസ്.എ. ഐ./ കോഡക്സ് / ഇ.യു. നിഷ്കർഷിച്ചിരിക്കുന്ന പരിധികളും

| # | പച്ചക്കറികളുടെ ഇനങ്ങളും സാമ്പിളുകളുടെ എണ്ണവും | | കീടനാശിനിയുടെ പേര് | കീടനാശിനിയുടെ അളവ് | നിഷ്കർഷിച്ചിരിക്കുന്ന പരിധി | | |
|---|---|---|---|---|---|---|---|
| | | | | | എഫ്.എസ്.എസ്. എ.ഐ. | കോഡക്സ് | ഇ.യു |
| 1. | ബജി മുളക്  | 1/1 | ഫെൻവാലറേറ്റ് | 1.2 ppm | ഇല്ല | ഇല്ല | 0.02 ppm |
| 2. | കാരറ്റ്  | 1/1 | ക്ളോർപൈറിഫോസ് | 0.2 ppm | 0.2 ppm | ഇല്ല | 0.1 ppm |
| 3. | കാപ്സിക്കം (പച്ച)  | 1/2 | ക്ളോർപൈറിഫോസ് | 0.08 ppm | 0.2 ppm | ഇല്ല | 0.05 ppm |


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM